**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553** **05-08-2021 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ പി ൻ ജി ആർ ബി യിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ IOAGPL ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും, തൃക്കാക്കരയിലെയും, കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ IOAGPLആരംഭിച്ചു കഴിഞ്ഞു. 2021-2022 ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിൽ മുഴുവനായി പ്രകൃതി വാതകം ലഭ്യമാക്കാൻ ആണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. തുടർന്നും 2022 - 2023 ഓടെ വൈപ്പിൻ വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഏതെല്ലാം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ് പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രകൃതിവാതക വിതരണം ആരംഭിച്ചിട്ടുള്ളതെന്നും എത്ര വീടുകൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമാവുന്നുണ്ടെന്നും എത്ര വീടുകൾക്ക് ഇത് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ 3836 വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 13000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ ചെയ്തിട്ടുണ്ട്. തുടർന്നും ജില്ലയിൽ ഗാർഹിക കണക്ഷനുകൾക്കായുള്ള റെജിസ്ട്രേഷൻ ലഭിക്കുന്നതനുസരിച്ച് എല്ലാ വീടുകളിലേക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനാണ് വിഭാവനം ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതെല്ലാം | (സി) | നിലവിൽ ജില്ലയിലെ താലൂക്കുകളായ ആലുവ, |

| | | | |
|---|---|---|---|
| | പ്രദേശങ്ങളിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വിശദമാക്കാമോ; | | പറവൂർ, കണയന്നൂർ എന്നിവിടങ്ങളായി 10 സി.എൻ.ജി സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്, കൂടാതെ കണയന്നൂർ താലൂക്കിലെ 3836 വീടുകളിലും, 7 വ്യവസായ സ്ഥാപനങ്ങളിലും, 14 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ ആലുവ, പറവൂർ, കണയന്നൂർ, കുന്നത്തുനാട് താലൂക്കുകളിലായി 5 സി.എൻ.ജി സ്റ്റേഷൻസും, ഇടയാർ,അങ്കമാലി കളമശ്ശേരി വ്യവസായ മേഖലയിൽ പ്രകൃതി വാതക പൈപ്പ്‌ലൈൻ ലഭ്യമാക്കാനും, നാൽപതിനായിരം വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനും വിഭാവനം ചെയ്യുന്നുണ്ട്. തുടർന്ന് മറ്റു താലൂക്കുകളായ കൊച്ചിൻ, കോതമംഗലം, മൂവാറ്റുപുഴ, തുടങ്ങിയ പ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | പദ്ധതി പ്രദേശമെന്ന പരിഗണന നൽകി വല്ലാർപാടം നിവാസികൾക്കും വല്ലാർപാടം സ്ഥിതിചെയ്യുന്ന മുളവുകാട് പഞ്ചായത്തിലും സിറ്റി ഗ്യാസ് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും, തൃക്കാക്കരയിലെയും, കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2021-2022 ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിലാകെ പ്രകൃതി വാതകം ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർന്നും 2022 - 2023 ഓടുകൂടി വൈപ്പിൻ വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാൻ സാധിക്കുന്നതുമാണെന്ന് IOAGPL അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്ന വൈപ്പിൻ പ്രദേശത്തെ ജനങ്ങൾക്ക് മുൻഗണന നൽകി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഇ) | പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും, തൃക്കാക്കരയിലെയും, കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2021-2022 ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിലാകെ പ്രകൃതി വാതകം ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർന്നും 2022 - 2023 ഓടുകൂടി വൈപ്പിൻ വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ |

| | | | |
|---|---|---|---|
| | | | ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാൻ സാധിക്കുന്നതുമാണെന്ന് IOAGPL അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. |
| (എഫ്) | എറണാകുളം ജില്ലയിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണത്തിൽ മറ്റു കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കുമോ? | (എഫ്) | കേരള സർക്കാർ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ പിന്തുണയും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് നല്കി വരുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ മറ്റു കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാർ അതോറിറ്റിയായ പി. എൻ. ജി. ആർ. ബി. അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ